129 (1095) പ്ളാന്റേഷൻ കോർപ്പറേഷനിൽ വാങ്ങിയ പൈപ്പ്

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലടി പ്ളാന്റേഷനിലെ കല്ലാല എസ്റ്റേറ്റിൽ ജലക്ഷാമം നേരിടുന്നതായി പരാതി നിലവിലുണ്ടോ; ഇല്ലെങ്കിൽ അവിടേയ്ക്ക് വെള്ളം എത്തിക്കാനെന്ന പേരിൽ കാസ്റ്റ് അയൺ വാങ്ങിക്കൂട്ടിയിരിക്കുന്നത് എന്തിനാണ്; ആയതിനു എത്ര തുക മുടക്കി; എത്ര നാളായി ഇതു വാങ്ങിയിട്ട് എന്നു വ്യക്തമാക്കുമോ;

(ബി) അവിടെയുള്ള പഴയ പൈപ്പ് മാറ്റി വ്യാസം കൂടിയ പുതിയ പൈപ്പ് ഇട്ടാൽ ആതിരപ്പള്ളി എസ്റ്റേറ്റിൽ ജലക്ഷാമം അനുഭവപ്പെടുമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഈ പൈപ്പ് വാങ്ങിക്കൂട്ടിയിരിക്കുന്നത് എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) പരാതി നിലവിലുണ്ട്. വേനൽക്കാലത്ത് കല്ലാല ഫാക്ടറിയിലും എസ്റ്റേറ്റിലും അനുഭവപ്പെടുന്ന ജലക്ഷാമത്തിനു ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി പുതിയ പൈപ്പ് ലൈൻ ഇടുന്നതിനാണ് പൈപ്പ് വാങ്ങിയത്. ഇതിനുവേണ്ടി കോർപ്പറേഷൻ 1820219/- (പതിനെട്ടുലക്ഷത്തി ഇരുപതിനായിരത്തി ഇരുന്നൂറ്റിപത്തൊൻപതു) രൂപ നൽകിയിട്ടുണ്ട്.

(ബി) കല്ലാല ഫാക്ടറിയിലേക്ക് നേരിട്ട് വെള്ളം കൊടുക്കുന്നതിനു വേണ്ടിയാണ് പുതിയ പൈപ്പ് ലൈൻ ഇടുന്നത്. കുടിവെള്ളത്തിനുവേണ്ടിയുള്ള പഴയ പൈപ്പ് ലൈൻ അതുപോലെതന്നെ നിലനിർത്തിയിരിക്കുന്നതിനാൽ പുതിയ പൈപ്പ് ലൈൻ ആതിരപ്പിള്ളിയിലെ ജലവിതരണത്തെ ഒരു വിധത്തിലും ബാധിക്കുകയില്ല.

130 (1096) ഹരിത സംഘങ്ങൾ മുഖേനയുള്ള ആനുകൂല്യങ്ങൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത സംഘങ്ങൾ മുഖേന കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിവരുന്നു;

(ബി) ഈ പദ്ധതി മുഖേന മലപ്പുറം ജില്ലയിൽ എത്ര പേർക്ക് ആനുകൂല്യം നൽകി;

(സി) ഈ പദ്ധതിക്കെതിരെ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനുമേൽ എന്തു നടപടി കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഞ്ചു ഹെക്ടർ വീതം സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്ന ഓരോ ഹരിത സംഘത്തിനും വിത്ത്, വളം, കീടനാശിനി, പന്തൽ, ജലസേ

LIBRARY ARCHIVES Kerala Legislative Assembly

ചന സൗകര്യം എന്നിവയ്ക്ക് ഹെക്ടർ ഒന്നിന് 10,000/-രൂപ വീതം നൽകുന്നു. കൂടാതെ സസ്യസംരക്ഷണപ്രവർത്തനത്തിനുള്ള സ്പ്രെ വാങ്ങുന്നതിനു 800 രൂപയും നൽകുന്നു. ഓരോ ബ്ളോക്കിലും തെരഞ്ഞെടുത്ത ഒരു ഹരിത സംഘത്തിനു വിപണന കേന്ദ്രത്തിന്റെ അടിസ്ഥാനസൗകര്യങ്ങൾക്കായി 20,000/-രൂപയും നൽകുന്നു.

(ബി) 2911 പേർക്ക്

(സി) ഇല്ല

(ഡി) ചോദ്യം ഉദിക്കുന്നില്ല.

131 (1097) പ്ളാന്റേഷൻ കോർപ്പറേഷനിലെ തടി വിൽപ്പന

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) മരം യഥാസമയം മുറിച്ചുമാറ്റാത്തതുകൊണ്ട് റീപ്ളാന്റിംഗിനുള്ള കാലതാമസം വഴി പ്ളാന്റേഷൻ കോർപ്പറേഷന് ഭാവിയിലുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) കോർപ്പറേഷന് നഷ്ടം വരുത്തിയവരെ കണ്ടെത്തി നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ;

(സി) കല്ലാല എസ്റ്റേറ്റിൽ 930 രൂപയ്ക്ക് വിളിച്ച മരം 230 രൂപയ്ക്ക് ഉറപ്പിച്ചുനൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ വില കുറച്ചു നൽകുവാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റീപ്ളാന്റിങ്ങിനുള്ള കാലതാമസം മൂലം പ്ളാന്റേഷൻ കോർപ്പറേഷന് ഭാവിയിലുണ്ടാകുന്ന നഷ്ടം കണക്കാക്കാൻ നിർവ്വാഹമില്ല

(ബി) ഉദിക്കുന്നില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

132(1098) അന്താരാഷ്ട്ര മാർക്കറ്റിന്റെ നിർമ്മാണം

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിൽ അനുവദിച്ച അന്താരാഷ്ട്ര മാർക്കറ്റിന്റെ പണി എന്നാണ് പുനരാരംഭിച്ചത്;

(ബി) ഇതുവരെ ഇതിനുവേണ്ടി എന്തുതുക ചെലവഴിച്ചു;

(സി) ഇപ്പോൾ പണി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ പണി എന്നു പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) നെടുമങ്ങാട് അന്താരാഷ്ട്ര മാർക്കറ്റിന്റെ പണി 18.2.1999 ന് ആണ് പുനരാരംഭിച്ചത്

LIBRARY ARCHIVES Kerala Legislative Assembly